ടൂറിസം സാദ്ധ്യതകളും റോഡുകളും മെച്ചപ്പെടുത്താൻ നടപടി

81 [1978] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം സാദ്ധ്യതകൾ മെച്ചപ്പെടുത്തുന്നതിന്റെയും സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിന്റെയും ഭാഗമായി 2001-നുശേഷം കേരളത്തിൽ എത്ര കിലോമീറ്റർ റോഡുകൾ/പാതകൾ മെച്ചപ്പെടുത്തിയിട്ടുണ്ട്;

(ബി) എത്ര കിലോമീറ്റർ റോഡുകൾ/പാതകൾ മെച്ചപ്പെടുത്താനായി ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട് ;

(സി) തിരുവനന്തപുരം നഗരത്തിലെ ഏതെല്ലാം പാതകൾ/റോഡുകൾ പൈതൃക പാതയായി മെച്ചപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്;

(ഡി) ഇതിൽ എന്തെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നും പൂർത്തിയാക്കിയെന്നും അറിയിക്കുമോ ?

ഉത്തരം

(എ, ബി, സി & ഡി) സംസ്ഥാനത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലേക്കുള്ള പ്രധാനപ്പെട്ട റോഡുകൾ മെച്ചപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് നടപടികളെടുത്തിട്ടുണ്ട്. കൂടാതെ NATPAC-ന്റെ പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ചില റോഡുകളും മെച്ചപ്പെടുത്താൻ നടപടികളെടുത്തുവരുന്നു. ഇത്തരത്തിലുള്ള റോഡുകളുടെ വിശദവിവരം അനുബന്ധമായി വയ്ക്കുന്നു.†

എത്ര കിലോമീറ്റർ റോഡുകളാണ് മെച്ചപ്പെടുത്തിയത് എന്നതു സംബന്ധിച്ചും പ്രവർത്തികൾ ആരംഭിച്ചതും പൂർത്തിയാക്കിയതുമായ റോഡുകളുടെ വിവരങ്ങളും ശേഖരിച്ച് നൽകുന്നതാണ്.

കോവളത്തെ മസാജ് പാർലറുകൾ

82 [1979] പ്രൊഫ. എ. ഡി. മുസ്തഫ :

ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

,, കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം വിനോദസഞ്ചാരകേന്ദ്രത്തിൽ എത്ര മസാജ് പാർലറുകൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയുടെമേൽ ഗവൺമെന്റിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly